(ബി) ഈ ഗവൺമെന്റിന്റെ കാലത്ത് എവിടെയെങ്കിലും മത്സ്യബന്ധന തുറമുഖങ്ങളും ഫിഷ്‌ലാന്റിംഗ് സെന്ററുകളും പുതുതായി നിർമ്മിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എവിടെയെല്ലാമെന്ന് പറയുമോ ; അതിനുവേണ്ടി എന്തു തുക ചെലവഴിച്ചു ?

ഉത്തരം

(എ) അഴീക്കൽ, പുതിയാപ്പ, ബേപ്പൂർ, കൊച്ചി (കേന്ദ്ര സർക്കാരിന്റെ കീഴിൽ) നീണ്ടകര എന്നീ നിർമ്മാണം പൂർത്തിയാക്കിയ മത്സ്യബന്ധന തുറമുഖങ്ങളും, മാപ്പുബേ, ചോംപാൽ, മുനമ്പം, തങ്കശ്ശേരി, വിഴിഞ്ഞം എന്നീ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന മത്സ്യ ബന്ധന തുറമുഖങ്ങളും ഉണ്ടായിരുന്നു. കാസർഗോഡ്, ചെറുവത്തൂർ, നീലേശ്വരം, പാലക്കാട്, ധർമ്മടം, ചാലിൻഗോ പാൽപേട്ട, ന്യൂമാഹി, കൊയിലാണ്ടി, വെള്ളയിൽ, വള്ളിക്കുന്ന്, മുനക്കക്കടവ്, ചേറ്റുവ, തോട്ടപള്ളി, അർത്തുങ്കൽ, വിഴിഞ്ഞം സൗത്ത് എന്നീ നിർമ്മാണം പൂർത്തിയാക്കിയ ഫിഷ്‌ലാന്റിംഗ് സെന്ററുകൾ ഉണ്ടായിരുന്നു.

(ബി) ഉണ്ട്.

(സി) നേരത്തെ നിർമ്മാണം ആരംഭിച്ച മാപ്പുബേ, ചോംപാൽ, മുനമ്പം, തങ്കശ്ശേരി എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണം ഈ സർക്കാരിന്റെ കാലത്താണ് പൂർത്തിയാക്കിയത്. ഇവയ്ക്ക് യഥാക്രമം 927 ലക്ഷം രൂപ 638 ലക്ഷം രൂപ, 1636 ലക്ഷം രൂപ, 4312 ലക്ഷം രൂപ വീതം ചെലവാക്കി. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുതലപ്പൊഴി, പൊന്നാനി, തലായി, കായംകുളം എന്നിവിടങ്ങളിൽ പുതുതായി മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഇവയ്ക്കായി നാളിതുവരെ 20.59 ലക്ഷം രൂപ ചെലവായി.

പുന്നപ്ര, കാട്ടൂർ-പൊള്ളത്തായ് എന്നീ ലാന്റിംഗ് സെന്ററുകളുടെ നിർമ്മാണം ഈ സർക്കാരിന്റെ കാലത്താണ് പൂർത്തിയായത്. ഇവയ്ക്ക് മൊത്തം 135.89 ലക്ഷം രൂപ ചെലവായി. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏടിക്കുളം, തിക്കോടി, കാഞ്ഞങ്ങാട്, കടപ്ര, പുവാർ, പുന്തുറ, വളഞ്ഞവഴി, പടന്ന, പാലപ്പെട്ടി, കുരിയാടി എന്നിവിടങ്ങളിൽ ലാന്റിംഗ് സെന്ററുകൾക്ക് പുതുതായി അനുമതി നൽകുകയും ഇവയിൽ ഏടിക്കുളം, തിക്കോടി, കടപ്ര, പാലപ്പെട്ടി എന്നീ കേന്ദ്രങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.

അഴിമുഖങ്ങളിൽ മണ്ണടിഞ്ഞുകൂടുന്നതുമൂലം ഉണ്ടാകുന്ന അപകടങ്ങൾ

106 (1668) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അഴിമുഖങ്ങളിൽ മണ്ണടിഞ്ഞു കൂടുന്നതുമൂലം ഉണ്ടാകുന്ന അപകടങ്ങൾ വർദ്ധിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇതിന് പരിഹാരം കാണാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) അഴിമുഖങ്ങളിൽ യഥാസമയം ഡ്രഡ്ജിംഗ് നടത്തുന്നതിന് നിലവിലുള്ള സംവിധാനമെന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്ത് പുതുതായി ഡ്രഡ്ജിംഗ് നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ഇ) അഴിമുഖങ്ങളിൽ ആഴം വർദ്ധിപ്പിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അഴിമുഖങ്ങളിലെ മണ്ണ് നീക്കം ചെയ്യുന്നതിനായി 1996-97 വർഷത്തിൽ 30 ലക്ഷം രൂപയും 1997-98 വർഷത്തിൽ 15 ലക്ഷം രൂപയും വകകൊള്ളിച്ചിരുന്നു. അഴിമുഖങ്ങൾ ഡ്രഡ്ജ് ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) പ്രത്യേക സംവിധാനങ്ങൾ നിലവിലില്ല.

(ഡി) ഉണ്ട്. ഡ്രഡ്ജിംഗ് ആവശ്യമായി വരുമ്പോൾ നടത്തുന്നതാണ്.

(ഇ) ഉണ്ട്.

സാംസ്ക്കാരിക വകുപ്പ് ഡയറക്ടറേറ്റ് രൂപീകരണം

107 (1670) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സാംസ്ക്കാരിക വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളേയും, സ്വയംഭരണ കേന്ദ്രങ്ങളേയും ഏകോപിപ്പിച്ചുകൊണ്ട് ഇവയുടെ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിനായി സ്വതന്ത്ര ചുമതലയിൽ സാംസ്ക്കാരിക വകുപ്പ് ഡയറക്ടറേറ്റ് ആരംഭിക്കുന്നതിന് ഉദ്ദേശമുണ്ടോ ;

(ബി) എങ്കിൽ ഇതിനാവശ്യമായ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്തെ സാംസ്ക്കാരികകാര്യ ഡയറക്ടറുടെ തസ്തിക നിലവിലുണ്ടോ ; എങ്കിൽ ഈ ഉദ്യോഗസ്ഥന്റെ അധികാരങ്ങളും ചുമതലകളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ഡി) പ്രസ്തുത ഉദ്യോഗസ്ഥന് വകുപ്പു മേധാവിക്ക് നൽകുന്ന സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly